പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1681 — 13.07.2011 ൽ മറുപടിക്ക്

## തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോയിലെ ജീവനക്കാരനെ തിരെയുണ്ടായ ആരോപണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. എ. വാഹിദ്: | | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി.) | |
| (എ) | തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമയുടെ പൂജാ കാര്യങ്ങളും മറ്റും നടക്കുന്ന റെക്കോർഡിംഗ് റൂമിനുള്ളിൽ വച്ച് അനാശാസ്യ പ്രവർത്തനം നടത്തിയതായി ആരോപിതനായ എ.സി. ഓപ്പറേറ്റർ അജിത് കുമാറിന്റെ പേരിൽ എന്തു ശിക്ഷാ നടപടിയാണ് കൈക്കൊണ്ടത്; | (എ) | പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. അജിത്കുമാറിനെ ഭരണ പരമായ നടപടി എന്ന നിലയിൽ കൈരളി/ശ്രീ തിയേറ്റർ, കോഴിക്കോടിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. |
| (ബി) | ഗുരുതരമായ ഒരു കുറ്റം ചെയ്ത അജിത് കുമാറിന്റെ പേരിൽ കർശനമായ ശിക്ഷാ നടപടികൾ കൈക്കൊള്ളാതിരിക്കാൻ കാരണമെന്താണ്; | (ബി) | വിശദമായ ഒരന്വേഷണം നടത്തി കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ മാത്രമേ കർശനമായ ശിക്ഷാനടപടികൾ കൈക്കൊള്ളാനാകൂ. ടിയാനുമേൽ ആരോപിക്കപ്പെട്ട കുറ്റം അന്വേഷണ പ്രക്രിയാവേളയിൽ ആവശ്യമായിവരാവുന്ന നിയമപരമായും വിശ്വസനീയവും മുൻവിധി ഇല്ലാത്തതുമായ തെളിവുകളുടെ പിൻബലമില്ല എന്ന് കണ്ടതിനാലാണ് ശിക്ഷാ നടപടികൾ കൈക്കൊള്ളാതിരുന്നത്. |
| (സി) | റെക്കോർഡിംഗ് റൂമിനുള്ളിൽ ഇത്തരം ക്രമ വിരുദ്ധ നടപടികൾ നടക്കാതിരിക്കാൻ എന്തു നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ? | (സി) | ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ മാത്രം റൂമുകൾ തുറക്കുന്നതിനുള്ള ക്രമീകരണം സ്റ്റുഡിയോ മാനേജർ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ